**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5541** **05-07-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരഗ്രാമം പദ്ധതിയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | ക്ഷീര ഗ്രാമം ഒരു ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് വിഹിതം 25 ലക്ഷം, ക്ഷീര വികസന വകുപ്പ് 25 ലക്ഷം എന്നിങ്ങനെ ധനസഹായം നൽകുന്നതാണ് പദ്ധതി. എങ്കിലും ക്ഷീര ഗ്രാമം പദ്ധതിക്കായി 10 ലക്ഷം രൂപയെങ്കിലും വകയിരുത്താൻ സന്നദ്ധതയുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി അനുവദിക്കുന്നു.<br><br>ക്ഷീര ഗ്രാമം പദ്ധതിയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ ജനറൽ വിഭാഗത്തിന് 50%, എസ്.സി. വിഭാഗത്തിന് 75 %, ST വിഭാഗത്തിന് 100% എന്നിങ്ങനെ ധനസഹായം നൽകുന്നു. ജനറൽ വിഭാഗത്തിന്റെ വിവരങ്ങൾ അനബന്ധമായി ചേർക്കുന്നു. |
| (ബി) | കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കോഴിക്കോട് ജില്ലയിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് താല്പര്യമുള്ള പഞ്ചായത്തുകളിൽ നിന്നും വിവര ശേഖരണം നടത്തുന്നതിന്റെ ഭാഗമായി ക്ഷീര വികസന വകുപ്പ് ഡയറക്ടർ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന് 04-05-2024-ൽ കത്ത് നൽകിയിരുന്നു. എന്നാൽ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. പഞ്ചായത്ത് വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**<u>ഗുണഭോക്താവ് / ഗ്രാമ പഞ്ചായത്ത് ചെലവഴിക്കുന്നത്</u>**

| | | | | | | |
|---|---|---|---|---|---|---|
| 1. | ഒരു പശു യൂണിറ്റ് | 20 | 60000 | 30000 | 12 | 6 |
| 2. | ഗർഭമുള്ള കിടാരി | 10 | 40000 | 20000 | 4 | 2 |
| 3. | കറവയന്ത്രം | 5 | 60000 | 30000 | 3 | 1.5 |
| 4. | പശുക്കൾക്കുള്ള സ്പെഷൽ ഫീഡിംഗ് പാക്കേജ് | 105 | 20000 | 10000 | 21 | 10.5 |
| 5. | ചാണകം, മൂത്രം എന്നിവയ്ക്കുള്ള കുഴി | 20 | 50000 | 25000 | 10 | 5 |
| | | | | | | **25 ലക്ഷം** |

**<u>ഗുണഭോക്താവ് / ക്ഷീര വികസന വകുപ്പ് ചെലവഴിക്കുന്നത്</u>**

| | | | | | | |
|---|---|---|---|---|---|---|
| 1. | സ്പെഷൽ കർഷക സമ്പർക്ക പരിപാടി | 3 | 4000 | 3000 | 0.12 | 0.09 |
| 2. | സ്പെഷൽ ഗുണ നിലവാര ബോധവൽക്കരണ പരിപാടി | 1 | 10000 | 7500 | 0.1 | 0.075 |
| 3. | 2 പശു യൂണിറ്റ് | 14 | 134400 | 60000 | 18.816 | 8.4 |
| 4. | 5 പശു യൂണിറ്റ് | 5 | 336000 | 150000 | 16.8 | 7.5 |
| 5. | പുരോഗമന ക്ഷീര കർഷകർക്കുള്ള ധനസഹായം | 10 | 100000 | 50000 | 10 | 5 |
| 6. | ഹൈബ്രിഡ് നേപ്പിയർ | | | | | |

| | | | | | |
|---|---|---|---|---|---|
| | [illegible] പുൽകൃഷി | 2 | 62000 | 24250 | 1.24 | 0.485 |
| 7. | ജലസേചനത്തിനുള്ള ധനസഹായം (ഒരേക്കറിൽ താഴെ) | 3 | 20000 | 10000 | 0.6 | 0.3 |
| 8. | പുൽകൃഷിയിൽ യന്ത്രവൽക്കരണം | 3 | 20000 | 10000 | 0.6 | 0.3 |
| 9. | കാലിത്തീറ്റ (പച്ചപ്പുല്ല്, വൈക്കോൽ) | 2 | 200000 | 100000 | 4 | 2 |
| 10. | പ്രൊപ്പഗേഷൻ & പോപ്പുലറൈസേഷൻ ഓഫ് സെക്സ് സോർട്ടഡ് സെമൻ | 70 | 500 | 250 | 0.35 | 0.175 |
| 11. | ധാതുലവണ മിശ്രിതം (കാൽസാഗർ പ്ലസ് | 407 | 180 | 135 | 0.733 | 0.549 |
| 12. | ഇംപ്ലിമെന്റേഷൻ, ഡോക്യുമെന്റേഷൻ, ഇവാല്യവേഷൻ | 1 | | | 0.126 | 0.126 |
| | | | | | | **25 ലക്ഷം** |